"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിന്റെ 20/08/2022 ലെ 6-ാം നമ്പർ തീരുമാനം 26/08/2022 ലെ 1-ാം നമ്പർ തീരുമാനം 06/09/2022 ലെ 3(1)-ാം നമ്പർ തീരുമാനം എന്നിവ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3136/2022/LSGD തീയതി,തിരുവനന്തപുരം, 19-12-2022

---

പരാമർശം:-

1. സ.ഉ.(പി) നം. 80/2017/തസ്വഭവ തീയതി 31/10/2017.
2. കാലടി ഗ്രാമപഞ്ചായത്തിന്റെ 22/03/2022 ലെ യോഗം 8(1) നമ്പർ നമ്പർ തീരുമാനം.
3. കാലടി ഗ്രാമപഞ്ചായത്തിന്റെ 20/08/2022 ലെ 6, 26/08/2022 ലെ 1 നമ്പർ തീരുമാനങ്ങൾ.
4. കാലടി ഗ്രാമപഞ്ചായത്തിന്റെ 06/09/2022 ലെ 3(1)-ാം നമ്പർ തീരുമാനം.
5. പഞ്ചായത്ത് ഡയറക്ടറുടെ 09/11/2022 ലെ PAN/14889/2022-C8(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വിവിധ വ്യാപാര - വ്യവസായ - വാണിജ്യ സംരംഭക പ്രവർത്തനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ സ്ലാബ് പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ കച്ചവടക്കാർ, വ്യവസായികൾ, മറ്റ് തൊഴിൽ സംരംഭകർ എന്നിവർ വലിയ പ്രതിസന്ധി നേരിടുന്നത് പരിഗണിച്ച് പരാമർശം (3) പ്രകാരം 22/03/2022 ലെ തീരുമാനം റദ്ദ് ചെയ്യുന്നതിനും 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് തന്നെ ഈടാക്കുന്നതിനും തീരുമാനിച്ചിരുന്നു.

(2) 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം പരാമർശം (3) തീരുമാനം പുനരവലോകനം ചെയ്യണമെന്ന് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം (4) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. തുടർന്ന് കാലടി ഗ്രാമപഞ്ചായത്ത് പ്രസ്തുത തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

(3) ലൈസൻസ് ഫീസ് വർദ്ധനവ് വരുത്തിയ ശേഷം ആയത് റദ്ദ് ചെയ്യുന്നത്

നിലവിൽ ലൈസൻസ് ഫീസ് അടവാക്കിയവർക്ക് തിരികെ നൽകേണ്ടി വരികയോ തുടർന്നുള്ള വർഷങ്ങളിലേക്ക് ഉൾപ്പെടുത്തുകയോ ചെയ്യേണ്ടി വരുന്നത് നിലവിലെ സംവിധാന പ്രകാരം പ്രായോഗികമായി സാദ്ധ്യമല്ലാത്തതും ആയത് ഗ്രാമപഞ്ചായത്തിന്റെ വരവ് - ചെലവ് കണക്കുകളെ തകിടം മറിക്കുകയോ ചെയ്യുന്നതാണ്. മാത്രവുമല്ല ലൈസൻസ് ഫീസ് വർദ്ധന പിൻവലിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ നികുതിയേതര വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതും ആയത് വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുകയും ചെയ്യുന്നതാണ്. 2021-22 വർഷത്തിൽ 861 ലൈസൻസുകളും 2022-23 വർഷത്തിൽ ഇതുവരെ 780 ലൈസൻസുകളും എടുത്തിട്ടുണ്ടെന്നും ആയത് മുൻവർഷത്തിന്റെ 90.50% ആണെന്നും ആയതിനാൽ ലൈസൻസ് ഫീസ് വർദ്ധന സംബന്ധിച്ച തീരുമാനം റദ്ദ് ചെയ്യുന്നതിന് ഉന്നയിച്ച വസ്തുത അടിസ്ഥാനരഹിതമാണെന്ന് മനസിലാക്കാമെന്നും ആയതിനാൽ പരാമർശം (3) തീരുമാനം റദ്ദ് ചെയ്യാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാലടി ഗ്രാമപഞ്ചായത്തിന്റെ പരാമർശം (3), (4) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2)(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJEEVAN A P**

**ഡെപ്യൂട്ടിസെക്രട്ടറി**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, തിരുവനന്തപുരം. (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം)
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, എറണാകുളം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - I / ഓഡിറ്റ് - II ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. ഐ & പി ആർ വെബ് ന്യൂ മീഡിയ.
8. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർസി3/433/2022/തസ്വഭവ).

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 19-12-2022 15:43:26**

സെക്ഷൻ ഓഫീസർ